'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - 30-11-2018-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - പന്തളം ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് മുൻപ് പ്രവർത്തിച്ചിരുന്ന കെട്ടിടം അറ്റകുറ്റപ്പണി നടത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ട്/വികസന ഫണ്ട് വിനിയോഗിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.7/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 01/01/2019

---

പരാമർശം:- 1 ഗ്രാമവികസന കമ്മീഷണറുടെ 24.10.2018-ലെ ഡി.പി.4-9147/18/സി.ആർ.ഡി നംബർ കത്ത്

2 30.11.2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.5-ാം നമ്പർ തീരുമാനം

## ഉത്തരവ്

പന്തളം ബ്ലോക്ക് പഞ്ചായത്തും കുളനട ബ്ലോക്ക് പഞ്ചായത്തും സംയോജിപ്പിച്ച് ഒറ്റ ബ്ലോക്ക് പഞ്ചായത്താക്കി മാറ്റിയപ്പോൾ പഴയ പന്തളം ബ്ലോക്ക് പഞ്ചായത്ത് കെട്ടിടവും അത് സ്ഥിതി ചെയ്യുന്ന സ്ഥലവും ഗ്രാമവികസന കമ്മീഷണറുടെ ഉടമസ്ഥതയിലേയ്ക്ക് കൈമാറുകയുണ്ടായി. പിന്നീട് ഈ കെട്ടിടം ഗ്രാമന്യായാലയം പ്രവർത്തിക്കുന്നതിനായി വിട്ടു നൽകിയിരുന്നു. കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം ഗ്രാമവികസന കമ്മീഷണർക്ക് കൈമാറിയിട്ടുള്ളതിനാൽ പദ്ധതി മാർഗ്ഗ നിർദ്ദേശ പ്രകാരം ടി കെട്ടിടങ്ങളുടെ മെയിന്റനൻസ് ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നടത്താനാവില്ല. പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ഘടക സ്ഥാപനങ്ങളായ ശിശുവികസന പ്രോജക്ട് ഓഫീസ്, ക്ഷീര വികസന ഓഫീസ്, കമ്മ്യൂണിറ്റി ഹാൾ, കാന്റീൻ എന്നിവയും ഗ്രാമന്യായാലയത്തോടൊപ്പം ഇവിടെ പ്രവർത്തിച്ചു വരുന്നുണ്ട്. അതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ട്/ വികസന ഫണ്ട് ഉപയോഗിച്ച് ടി കെട്ടിടങ്ങളുടെ മെയിന്റനൻസ് നടത്തുന്നതിനുള്ള പ്രത്യേക അനുമതി നൽകണമെന്ന് ഗ്രാമ വികസന കമ്മീഷണർ പരാമർശം (1) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. 30.11.2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം പരിഗണിക്കുകയും പരാമർശം(2) പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ട്/ വികസന ഫണ്ട് ഉപയോഗിച്ച് ടി കെട്ടിടങ്ങളുടെ മെയിന്റനൻസ് നടത്തുന്നതിന് പ്രത്യേക അനുമതി നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

2.മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. 30.11.2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം(2)

തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പന്തളം ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് മുൻപ് സ്ഥിതി ചെയ്തിരുന്നതും നിലവിൽ ഗ്രാമന്യായാലയം, ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ഘടക സ്ഥാപനങ്ങളായ ശിശുവികസന പ്രോജക്ട് ഓഫീസ്, ക്ഷീര വികസന ഓഫീസ്, കമ്മ്യൂണിറ്റി ഹാൾ, കാന്റീൻ എന്നിവ സ്ഥിതി ചെയ്യുന്നതുമായ കെട്ടിടത്തിന്റെ അറ്റകുറ്റപണികൾ നടത്തുന്നതിന് പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ട്/വികസന ഫണ്ട് വിനിയോഗിക്കാൻ പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

3. പ്രസ്തുത കെട്ടിടം മുമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി ആയിരുന്നതിനാൽ ഇതിന്റെ ഉടമസ്ഥാവകാശം ഗ്രാമവികസന കമ്മീഷണറിൽ നിന്ന് തിരികെ പന്തളം ബ്ലോക്ക് പഞ്ചായത്തിന് കൈമാറുന്നതിന് വകുപ്പ് തലത്തിൽ ആവശ്യമായ നടപടി സ്വീകരിക്കാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ഡെപ്യൂട്ടി സെക്രട്ടറി**

പകർപ്പ്

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

പ്രസിഡണ്ട്/സെക്രട്ടറി, പന്തളം ബ്ലോക്ക് പഞ്ചായത്ത്, പത്തനംതിട്ട

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by SHAJI T R
Date: 20[illegible]4 10:50:19 IST
Reason: Approved

സെക്ഷൻ ഓഫീസർ